നഷ്ടമാകുമെന്ന് കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടും കേരള വനംവകുപ്പും ചേർന്ന് നടത്തിയിട്ടുള്ള പഠന റിപ്പോർട്ട് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

(ബി) വനഭൂമി വനേതര ആവശ്യത്തിനായി ഉപയോഗിക്കേണ്ടതിലേക്കായി അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യാ ഗവൺമെന്റിന് അപേക്ഷ സമർപ്പിക്കുമ്പോൾ 'കോംപൻസേറ്ററി അഫോറസ്റ്റേഷൻ' പ്രകാരം വനയിതര ഭൂമിയിൽ വനവൽക്കരണം നടത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യാറുണ്ട്.

(സി)&(ഡി) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(ഇ) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുമ്പോൾ പ്രസ്തുത മേഖലയിൽ 7 കോളനികളിലായി 984 കുടുംബങ്ങളിൽ താമസിക്കുന്ന 3500 ഓളം വരുന്ന ആദിവാസികളെ മാറ്റി പാർപ്പിക്കേണ്ടിവരും. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും സമർപ്പിക്കപ്പെട്ടിട്ടില്ല.

(എഫ്) ഈ ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചാൽ പരിസ്ഥിതിക്ക് കോട്ടം തട്ടും. മുങ്ങിപ്പോകാൻ ഇടയുള്ള പ്രദേശം പെരിയാർ വന്യജീവി സങ്കേതത്തിലെ വന്യജീവികളുടെ പ്രധാന മേച്ചിൽസ്ഥലമാണ്. അത്യപൂർവ്വവും വംശനാശം നേരിടുന്നതുമായ ചില സസ്യങ്ങൾക്കും ആവാസ വ്യവസ്ഥ നഷ്ടമാകും. ആവാസ വ്യവസ്ഥ നഷ്ടപ്പെടുന്നതുമൂലം മൃഗങ്ങൾ മാറിപ്പോകാൻ ഇടയുണ്ട്. അതുപോലെതന്നെ ചെറുമൃഗങ്ങൾ, മറ്റു ജീവജാലങ്ങൾ തുടങ്ങിയവയുടെ നിലനിൽപ്പിനും ജലനിരപ്പ് ഉയർന്നാൽ ഭീഷണിയാകും. കൂടാതെ ആദിവാസികളുടെ സെറ്റിൽമെന്റുകളും വെള്ളത്തിനടിയിൽ ആയിപ്പോകുന്നതാണ്.

തടി ഡിപ്പോകളിൽ കൃത്രിമം കാണിക്കുന്നതായി പരാതി

87 (422) ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ ഡിപ്പോകളിൽ തടി അട്ടിവയ്ക്കുന്നതിൽ കാണിക്കുന്ന കൃത്രിമംമൂലം സർക്കാരിന് കോടിക്കണക്കിനു രൂപയുടെ നഷ്ടം ഉണ്ടാകുന്നു എന്ന റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലേലം ചെയ്യാൻ ഡിപ്പോകളിൽ തടി അട്ടിവയ്ക്കുന്നത് ഇനവും ക്ലാസ്സും തിരിച്ചാവണമെന്ന് വ്യവസ്ഥയുണ്ടോ;

(സി) ഉണ്ടെങ്കിൽ കൊല്ലം സർക്കിളിലെ തടി ഡിപ്പോകളിൽ ഈ വ്യവസ്ഥ പാലിക്കപ്പെടുന്നില്ലെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) അതുമൂലമുണ്ടായ നഷ്ടം സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര നഷ്ടമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച് ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്;

(എഫ്) ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുവായ റിപ്പോർട്ടുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കൊല്ലം സർക്കിളിന്റെ പരിധിയിലുള്ള തിരുവനന്തപുരം സെയിൽസ് ഡിവിഷനിലെ തടി ഡിപ്പോകളിൽ അട്ടിവെപ്പിൽ ഒറ്റപ്പെട്ട ചില പിഴവുകൾ ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ചില പിഴവുകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതുമൂലം നഷ്ടം സംഭവിച്ചതായി റിപ്പോർട്ട് കിട്ടിയിട്ടില്ല.

(ഇ)-(ജി) ഇതു സംബന്ധിച്ച് വനംവകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

ഫോറസ്റ്റ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന തടികൾ

88 (423) ശ്രീ. കെ.ടി. കുഞ്ഞിമുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷനുകളിൽ എന്തു തുകയുടെ തടികൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ തടികൾ സമയബന്ധിതമായി ലേലം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) തടികൾ വർഷങ്ങളായി ഫോറസ്റ്റ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്നതുമൂലം സർക്കാരിന് പ്രതിവർഷം എത്ര രൂപയുടെ നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) വനവിഭവങ്ങൾ സമയബന്ധിതമായി വിൽപ്പന നടത്തുവാൻ നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഇത് പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ഇല്ലെങ്കിൽ പുതിയ സംവിധാനത്തിന് രൂപം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സ്വീകരിച്ചുവരുന്നു.

(സി)&(ഡി) ഇല്ല.

(ഇ) സർക്കാർ ഡിപ്പോകൾവഴിയും ഫോറസ്റ്റ് (ഡമ്പിംഗ്) ഡിപ്പോകൾവഴിയും ലേലവിൽപ്പന നടത്തുന്ന സംവിധാനമാണ് നിലവിലുള്ളത്. കൂടാതെ വ്യവസായങ്ങൾക്ക് നിശ്ചിത നിരക്കിൽ തടി നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(എഫ്)-(എച്ച്) നിലവിലുള്ള ലേല വിൽപ്പനയ്ക്കുപുറമേ ദർഘാസ് ലേലം (ടെണ്ടർ-കം-ഓക്ഷൻ) പ്രകാരവും വിൽപ്പന നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly